**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5516** **03-11-2021 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ പ്രവർത്തകർക്ക് ട്രെയിനിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ . ഷംസുദ്ദീൻ,<br>ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ എ കെ എം അഷ്‌റഫ്** | | **Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും വിവിധ ചികിത്സകൾക്കായി എത്തുന്ന സാധാരണക്കാരായ രോഗികളോട് ദയാപൂർവ്വവും മാനുഷികപരവുമായി മാത്രം ഇടപെടുന്നതിനുള്ള ട്രെയിനിംഗ് ആരോഗ്യപ്രവർത്തകർക്ക് ലഭ്യമാക്കാനും നിർദ്ദേശിക്കുമോ;വ്യക്തമാക്കാമോ? | (എ) | ആർദ്രം ദൗത്യം ആദ്യഘട്ടത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് ആശുപത്രികൾ ജനസൗഹൃദമാക്കുക എന്നതായിരുന്നു. ഇതിന്റെ ഭാഗമായി ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനോടൊപ്പം ജീവനക്കാരുടെ രോഗികളോടുള്ള മനോഭാവവും പെരുമാറ്റവും മെച്ചപ്പെടുത്തുന്നതിനായി, പ്രധാനമായും കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർ- കേരള (SHSRC-K) യുടെ നേതൃത്വത്തിൽ നിരവധി പരിശീലനപരിപാടികൾ സംഘടിപ്പിച്ചു വരുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് പ്രധാനമായും മൂന്ന് തരത്തിലുള്ള പരിശീലനങ്ങളാണ് വിഭാവനം ചെയ്തിരിക്കുന്നത്. ടീം പരിശീലനം (team training), ആശയത്തിലൂന്നിയുള്ള പരിശീലനം, നൈപുണ്യ വികസനത്തിനുള്ള പരിശീലനം തുടങ്ങിയവ. സംഘപരിശീലനത്തിൽ ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പുറമേ തദ്ദേശ സ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥരെയും ജനപ്രതിനിധികളെയും സാമൂഹ്യനീതി വകുപ്പിലെ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിയിരുന്നു. ഇതിൽ പ്രധാനമായും സംഘ പരിശീലനത്തിനും, ജീവനക്കാരുടെ മനോഭാവം മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലനങ്ങൾക്കുമാണ് ഊന്നൽ നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ